Mr. V. Achyuta Menon:—This Council recommends to the Government to order immediate removal of toddy shops, if any, located near Muslim quarters at present further away from such quarters as also to prohibit the location of such shops near Muslim quarters in future.

44. Anchal Convenience.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—"കൊടുങ്ങല്ലൂരും, ചേന്ദമംഗലം, കുഴുപ്പിള്ളി മുതലായ സ്ഥലങ്ങളും തമ്മിൽ അഞ്ചൽ സൌകര്യം വർദ്ധിപ്പിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ഉടനെ ചെയ്യണമെന്നു ഈ കൌൺസിൽ ഗവർമ്മെണ്ടിനോടു ശുപാർശ ചെയ്യുന്നു" ഇതാണ് എന്റെ പ്രമേയം. കൊടുങ്ങല്ലൂരിൽനിന്ന് ൪ -ാം ൫ -ാം നാഴികമാത്രം ദൂരമുള്ള ചേന്ദമംഗലത്തേക്കു ഒരു കത്തയച്ചാൽ മൂന്നാംദിവസമൊ നാലാംദിവസമൊ ആണ് ചേന്ദമംഗലത്തു കിട്ടുന്നതു്. അതുപോലെതന്നെയാണ് ചേന്ദമംഗലത്തുനിന്നും കൊടുങ്ങല്ലൂരേക്കു അയച്ചാലും. കുഴുപ്പിള്ളി മുതലായ ദിക്കുകളിലേക്കു കത്തയച്ചാലത്തെ സ്ഥിതി മേൽപറഞ്ഞതുതന്നെ. ഇതിനെ പരിഹരിക്കത്തക്കവണ്ണം വേണ്ട ഏർപ്പാടുകൾ ഉടനെ ചെയ്യുന്നതരണമെന്നു് ഞാൻ അപേക്ഷിക്കുന്നു. കത്തുകൾ പോസ്റ്റു ചെയ്തുകഴിഞ്ഞാൽ അവ വേഗത്തിൽ കിട്ടേണ്ട ആവശ്യവും അവ സമയത്തിനു കിട്ടാതെ വന്നാലുള്ള ബുദ്ധിമുട്ടും വിഷമങ്ങളും എല്ലാവർക്കും അറിവുള്ളതാകയാൽ അതിനു് ഒരു പ്രസംഗം ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഈ പ്രമേയം സഭയുടെ ആലോചനയ്ക്കു് വിഷയീഭവിപ്പിക്കുന്നു.

Dr. A. G. Menon.—I second it.

രാമവർമ്മതമ്പുരാൻ.—കൊടുങ്ങല്ലൂരും ചേന്ദമംഗലവും സംബന്ധിച്ചുള്ള അഞ്ചലാഫീസിൽ ഒരു അഡീഷനൽ റണ്ണറെ നിയമിച്ചു സർവ്വീസു് എളുപ്പത്തിൽ നടത്താൻ തീർച്ചയാക്കീട്ടുണ്ടു്. അതുകൊണ്ടു് ഇപ്പോൾ അതിനെപ്പറ്റി വിചാരിക്കാൻ തരമില്ല.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ഉടനെ നടപ്പാക്കുമൊ?

രാമവർമ്മതമ്പുരാൻ.—അതേഴ്സു് സാങ്ങ്ഷനായിട്ടുണ്ടു്

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—കുഴുപ്പിള്ളി മുതലായ സ്ഥലങ്ങളെപ്പറ്റി വീണ്ടും ആലോചിക്കാമൊ?

രാമവർമ്മതമ്പുരാൻ.—ആലോചിക്കാം.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ഈ വാഗ്ദാനമനുസരിച്ചു് ഞാൻ പ്രമേയം പിൻവലിക്കുന്നു.

The resolution was withdrawn with leave of the House.

45. Dress of Clerks in Government Service.

Mr. E. Ikkanda Warriar.—Sir, I move, "This Council recommends to the Government that the clerks in the Government service may be allowed to attend to their duties dressed in cloth, shirt and second cloth".

A similar resolution was discussed here in the last budget session. The point then was whether the teachers in the Secondary

LIBRARY ARCHIVES Kerala Legislative Assembly